# കേരള സർവകലാശാല

നം.പി.ആർ.87/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 ഏപ്രിലിൽ നടക്കുന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.കോം – കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ്, ബി.കോം കൊമേഴ്സ് ആന്റ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ്, ബി.കോം കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ/പ്രോജക്ട് മൂല്യനിർണ്ണയം ആന്റ് വൈവാവോസി പരീക്ഷകൾ മേയ് 2, 3 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഏഴാം സെമസ്റ്റർ, എട്ടാം സെമസ്റ്റർ ബി.ഡെസ്സ് ഡിഗ്രി പരീക്ഷകൾ യഥാക്രമം മേയ് 2 നും ഏപ്രിൽ 29 നും ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ഏപ്രിൽ 11 ന് നടത്താനിരുന്ന കമ്പൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക് (2008 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ (Basic Mechanical Engineering) മേയ് 21 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാകേന്ദ്രം

ഏപ്രിൽ 26 മുതൽ മേയ് 8 വരെ നടക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷയിൽ കൊല്ലം ബി.എഡ് സെന്ററിന്റെ പരീക്ഷാകേന്ദ്രം കർമലറാണി ട്രെയിനിംഗ് കോളേജ് കൊല്ലം ആയിരിക്കും.

### പരീക്ഷാഫീസ്

മേയ് 27 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ മേയ് 6 വരെയും 50 രൂപ പിഴയോടെ മേയ് 8 വരെയും 125 രൂപ പിഴയോടെ മേയ് 10 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 നവംബറിൽ നടത്തിയ മൂന്നാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 15 വരെ അപേക്ഷിക്കാം.

2018 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്റ്റ് (2018 സ്കീം – റെഗുലർ), (2015 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

2018 ആഗസ്റ്റിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം), 2018 നവംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.എ/ബി.കോം/ബി.ബി.എ.എൽ.എൽ.ബി, മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ്) 2011 അഡ്മിഷൻ എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ഏപ്രിൽ 26 മുതൽ മേയ് 4 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീ-വാല്യുവേഷൻ (EJX)സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## സമ്പർക്ക ക്ലാസുകൾ

വിദൂര വിദ്യാഭ്യാസ കേന്ദ്രം സമ്പർക്ക ക്ലാസുകൾ ഏപ്രിൽ 27, 28 തീയതികളിൽ കാര്യവട്ടം, എസ്.ഡി.ഇ പാളയം, കൊല്ലം സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക. കൊല്ലം സെന്ററിലെ എം.കോം മൂന്നാം സെമസ്റ്റർ കോൺടാക്ട് ക്ലാസുകൾ ഏപ്രിൽ 27 മുതൽ (യു.ഐ.ടി മുളങ്കാടകം) ആരംഭിക്കുന്നതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (പാർട്ട് ടൈം സായാഹ്ന കോഴ്സ്) ക്ലാസുകൾ ജൂൺ 14 ന് ആരംഭിക്കുന്നതാണ്. അംഗീകൃത സർവകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. സർവകലാശാല ക്യാഷ് കൗണ്ടറിൽ 30 രൂപ ചെല്ലാൻ അടച്ചശേഷം ഏപ്രിൽ 29 മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നിന്നും അപേക്ഷാഫോം വാങ്ങാവുന്നതാണ്. മേയ് 22 ന് രാവിലെ 10 മണിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ വെച്ച് നടത്തുന്ന പ്രവേശന പരീക്ഷയിൽ ലഭിക്കുന്ന മാർക്കിനെ അടിസ്ഥാനമാക്കിയാണ് കോഴ്സിലേയ്ക്കുള്ള പ്രവേശനം. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി മേയ് 6.

തിരുവനന്തപുരം,
25-04-2019



പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098